ആശുപത്രി ജീവനക്കാരുടെ അഭാവം

62 (727) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരാശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർ, നേഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പറയാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ വിശദ മാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെയും നേഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെയും ഒഴിവുകളെ സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	തസ്തിക	ഒഴിവ്
1	മെഡിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേറ്റീവ് കേഡർ)	41
2	മെഡിക്കൽ ഓഫീസർ (ജനറൽ കേഡർ)	136
3	മെഡിക്കൽ ഓഫീസർ (സ്പെഷ്യാലിറ്റി കേഡർ)	410
4	സ്റ്റാഫ് നേഴ്സ് ഗ്രേഡ് -I	23
5	ഡയറ്റീഷ്യൻ (സീനിയർ ഗ്രേഡ്)	2
6	ഹെഡ് നേഴ്സ്	170
7	ഫാർമസിസ്റ്റ് ഗ്രേഡ്-II	12
8	ഫാർമസിസ്റ്റ് ഗ്രേഡ്-I	3
9	ജില്ലാ ഓഫ്താൽമിക് കോ-ഓർഡിനേറ്റർ	1
10	ജൂനിയർ സയന്റിഫിക് ഓഫീസർ	10
11	സയന്റിഫിക് ഓഫീസർ	1
12	ലാബ് ടെക്നീഷ്യൻ ഗ്രേഡ് -II	6
13	ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - II	1
14	ലാബ്ടെക്നീഷ്യൻ ഗ്രേഡ് - I	26
15	ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് - II	10

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജന്മാരുടെ നിലവിലുള്ള ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ സർവ്വീസിൽ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നിലവിലുള്ള ഒഴിവുകളിൽ എല്ലാംതന്നെ അഡ്ഹോക്ക് വ്യവസ്ഥയിലും എൻ.ആർ.എച്ച്.എം. മുഖാന്തരവും ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പു വരുത്തിയിട്ടുമുണ്ട്.

സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2-ന്റെ ജില്ലയിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും ബന്ധപ്പെട്ട ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സീനിയർ ഗ്രേഡ് ഡയറ്റീഷ്യന്റെ തസ്തികയിൽ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റാഫ് നേഴ്സ് ഗ്രേഡ്-I-ന്റെ 23 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഹെഡ് നേഴ്സുമാരുടെ 170 ഒഴിവുകൾ പ്രൊമോഷൻവഴി നികത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-2, ഒപ്റ്റൊമെട്രിസ്റ്റ് ഗ്രേഡ്-2 എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജില്ലാ ഒഫ്താൽമിക് കോ-ഓർഡിനേറ്റർ, ജൂനിയർ സയന്റിഫിക് ഓഫീസർ, സയന്റിഫിക് ഓഫീസർ എന്നീ തസ്തികകൾ ഗസറ്റഡ് പ്രൊമോഷൻ തസ്തികയായതിനാൽ ടി തസ്തികയിൽപ്പെട്ടവരെ നിയമിക്കുന്നതിന് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി പ്രൊമോഷൻ നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ

63 (728) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര സൂപ്പർ സ്പെഷ്യലിറ്റി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly